# THE SPOTLIGHT
## Voice of fathima
### Fathima Arts and sciences College Moothedam

2026 FEBRUARY

# NAAC ഓൺബോർഡിംഗ് സെഷൻ





ഫാത്തിമ ആർട്സ് & സയൻസ് കോളേജ്, മൂത്തേടം ഫേസ് - Fathima Academic Centre for Excellence), ഐ.ക്യു.എ.സി (IQAC) എന്നിവയുടെ സഹകരണത്തോടെ.NAAC ഓൺബോർഡിംഗ് സെഷൻ നടത്തി.വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ കാലഘട്ടത്തിൽ ഗുണനിലവാരത്തെ പുനർനിർവചിക്കുന്നു (Reimagining Quality in the Era of Educational Reforms) എന്ന വിഷയത്തിൽ മമ്പാട്ഡി .ജി.എം.എം.ഇ. എസ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറും ഐ.ക്യു.എ.സി കോർഡിനേറ്ററുമായ ഡോ.അനസ് എടാറത്ത് ക്ലാസ് നയിച്ചു.കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ.ഷിബിൻ പി. ജെയിംസ് സെഷൻ ഉദ്ഘാടനം ചെയ്തു. ഐ. ക്യു. എ.സി. കോ.ഓർഡി നേറ്റർ ഡോ. നാജിയ ബീഗം അധ്യക്ഷത വഹിച്ചു. കോളേജ് സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ , അസി.കോ. ഓർഡിനേറ്റർ കൃഷ്ണ പ്രിയ,ടിന്റു ബേബി തുടങ്ങിയവർ സംസാരിച്ചു.

## ജാം ജൂം ഹൈപ്പർ മാർക്കറ് മത്സരം: ബി.കോം വിദ്യാർത്ഥികൾക്ക് വിജയം

മൂത്തേടം: വി.എ.സി (VAC 3) റിപ്പോർട്ടിംഗ് മലയാളം ഓപ്പൺ എൻഡഡ് മൊഡ്യൂൾ പഠന പ്രവർത്തനത്തിന്റെ ഭാഗമായി ജാം ജൂം ഹൈപ്പർ മാർക്കറ്റ് സംഘടിപ്പിച്ച പരസ്യനിർമ്മാണ മത്സരത്തിൽ ബി.കോം വിദ്യാർത്ഥികൾ തിളക്കമാർന്ന വിജയം നേടി.

മത്സരത്തിൽ ബി.കോം രണ്ടാം വർഷ വിദ്യാർത്ഥി ആര്യ ദേവിയും സംഘവും ഒന്നാം സ്ഥാനം കരസ്ഥമാക്കി. 1500 രൂപയുടെ ഗിഫ്റ്റ് വൗച്ചറാണ് ഇവർക്ക് സമ്മാനമായി ലഭിച്ചത്. ഒന്നാം വർഷ ബി.കോം വിദ്യാർത്ഥി റമീന ഷെറിനും സംഘവുമാണ് രണ്ടാം സ്ഥാനം നേടിയത്. ഇവർക്ക് 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചർ സമ്മാനിച്ചു.

ജാം ജൂം ഹൈപ്പർ മാർക്കറ്റ് മാനേജർ അൻവർ വിജയികൾക്ക് വൗച്ചറുകൾ കൈമാറി. പഠനത്തോടൊപ്പം പ്രായോഗിക തൊഴിൽ നൈപുണ്യങ്ങൾ കൂടി വിദ്യാർത്ഥികളിൽ വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരമൊരു മത്സരം സംഘടിപ്പിച്ചത്





## ഫാത്തിമ കോളേജ് ലൈബ്രറിയുടെ 'The Spotlight' വാർത്താപത്രിക പ്രകാശനം ചെയ്തു



- മൂത്തേടം: ഫാത്തിമ കോളേജ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന 'The Spotlight' എന്ന പുതിയ മാസാന്ത വാർത്താപത്രികയുടെ പ്രകാശനം കോളേജ് പ്രിൻസിപ്പാൾ റവ. ഫാ. ഡോ. ഷിബിൻ പി. ജെയിംസ് നിർവ്വഹിച്ചു. പ്രിൻസിപ്പാളിന്റെ ചേമ്പറിൽ വെച്ചു നടന്ന ലളിതമായ ചടങ്ങിൽ പത്രികയുടെ ആദ്യ ലക്കം അദ്ദേഹം പ്രകാശനം ചെയ്തു.
- വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കോളേജിലെയും ലൈബ്രറിയിലെയും വിവരങ്ങൾ കൃത്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസാന്ത പത്രിക ആരംഭിച്ചിരിക്കുന്നത്. കോളേജ് ലൈബ്രറിയുടെ പ്രവർത്തനങ്ങളെയും പുതിയ സംരംഭങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തും.
- ചടങ്ങിൽ കോളേജ് ലൈബ്രേറിയൻ ബിൻസി, മലയാള വിഭാഗം അധ്യാപകരായ ടി.കെ. സതീശൻ, ടി. അഞ്ജന, കോളേജ് ഓഫീസ് സൂപ്രണ്ട് ജോസ് പറക്കുന്താനം തുടങ്ങിയവർ പങ്കെടുത്തു.

---

## കടലുണ്ടിയിൽ ഫാത്തിമ കോളജ് അധ്യാപകർക്കായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം




കടലുണ്ടി: കടലുണ്ടി ഫാത്തിമ കോളജിലെ അധ്യാപകർക്കായി ഫാത്തിമ അക്കാദമി ക് സെന്റർ ഫോർ എക്സലൻസും (FACE) ഐ.ക്യു.എ.സിയും (IQAC) സംയുക്തമായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. കടലുണ്ടി ഐലന്റിൽ വെച്ച് നടന്ന പരിപാടിയിൽ എ.എസ്.എ.പി (ASAP) മാസ്റ്ററും മോട്ടിവേറ്ററുമായ അനസ് അൻവർ ബാബു ക്ലാസെടുത്തു.

ഐ.ക്യു.എ.സി കോ-ഓർഡിനേറ്റർ ഡോ. നാജിയ ബീഗം സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പാൾ ഫാ. ഡോ. ഷിബിൻ പി. ജെയിംസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സി.ഇ.ഒ ഫാ. അബ്രഹാം പതാക്കൽ സംസാരിച്ചു. സ്റ്റാഫ് സെക്രട്ടറി ടി.കെ. സതീശൻ നന്ദി രേഖപ്പെടുത്തി. കോളേജ് ഓഫീസ് സൂപ്രണ്ട് ജോസ് പറക്കുന്താനം, പി.ആർ.ഒ സാബു പൊൻമേലിൽ തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു







എൻ.എസ്.എസ് യാത്രയയപ്പ്



മലയാളവിഭാഗം യാത്രയയപ്പ്

മൂത്തേടം കോളേജിലെ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കായി സംഘടി പ്പിച്ച യാത്രയയപ്പ് ചടങ്ങ് വൈകാരികവും അവിസ്മരണീയവുമായ അനുഭവമായി മാറി. കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളാണ് തങ്ങളുടെ മുതിർന്ന സഹോദരതുല്യരായ അവസാന വർഷ വിദ്യാർത്ഥികൾക്കായി ഈ മനോഹരമായ ചടങ്ങ് ഒരുക്കിയത്. ക്ലാസ് മുറികൾ
ഒരു ഉത്സവ പ്രതീതിയിലായിരുന്നു. തങ്ങൾ പഠിച്ച കലാലയത്തിന്റെ പടിയിറ ങ്ങുമ്പോൾ പ്രിയപ്പെട്ട അധ്യാപകരെയും സഹപാഠികളെയും ജൂനിയർ സുഹൃത്തു ക്കളെയും പിരിയുന്നതിന്റെ നൊമ്പരം പലരുടെയും മുഖത്ത് നിഴലിച്ചു. അറിവിന്റെയും അനുഭവങ്ങളുടെയും ഒരു കാലഘട്ടം പൂർത്തിയാക്കി പുതിയൊരു ലോകത്തേക്ക് കാലെടുത്തു വെക്കുന്ന തങ്ങളുടെ പ്രിയപ്പെട്ട സീനിയർമാർക്ക് ജൂനിയർ വിദ്യാർത്ഥികൾ സ്നേഹനിർഭര മായ യാത്രയയപ്പാണ് നൽകിയത്.
സ്നേഹസമ്മാനങ്ങൾ, അധ്യാപകരുടെ ആശംസകൾ എന്നിവ ചടങ്ങിനെ കൂടുതൽ ഹൃദ്യമാക്കി. കലാലയ ജീവിതത്തിലെ ഓർമ്മകൾ പങ്കുവെച്ചും, തമാശകൾ പറഞ്ഞും, കണ്ണീരോടെയും ചിരിയോടും കൂടി വിദ്യാർത്ഥികൾ യാത്രയയപ്പ് ആഘോഷിച്ചു. ഈ സൗഹൃദത്തിന്റെ കണ്ണികൾ എന്നും നിലനിൽക്കുമെന്ന ഉറപ്പിലാണ് ഓരോ വിദ്യാർത്ഥിയും കലാലയത്തോട് വിട പറഞ്ഞത്



ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി കോളേജ് ലൈബ്രേറിയൻ ബിൻസിക്ക് ഓഫീസ് അക്കൗണ്ടന്റ് ജോബിൻ ജോസഫ് പുസ്തകങ്ങൾ കൈമാറുന്നു.

**കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ധനസഹായത്തോടെ പട്ടാമ്പി ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജിലെ മലയാള വിഭാഗം സംഘടിപ്പിച്ച കവിതയുടെ കാർണിവൽ ഒമ്പതാം പതിപ്പായ കവിതയുടെ ഭൂപടം ലിറ്ററേച്ചർ ഫെസ്റ്റിവലിൽ മൂത്തേടം ഫാത്തിമ ആർട്സ് ആൻഡ് സയൻസ് കോളേജ് മലയാള വിഭാഗം മേധാവി ശ്രീമതി.എം ശ്രീലതയുടെ നേതൃത്വത്തിൽ രണ്ടാംവർഷ മലയാള വിദ്യാർഥികളായ അഖില, മഹിക മണി, വിനീത എന്നിവർ പങ്കാളികളായി**



## റമസാൻ: ഹൃദയങ്ങളെ ചേർത്തുപിടിക്കുന്ന സ്നേഹകാലം

ലത്തീഫ് മാമാങ്കര
( അറബിക് വിഭാഗം. അധ്യാപകൻ)



**റമസാൻ വെറും ഉപവാസ ത്തിന്റെ മാസം മാത്രമല്ല; അത് ഹൃദയങ്ങളെ ചേർത്ത് പിടിക്കുന്നതിന്റെ മാസ മാണ്.വിശപ്പും ദാഹവും അനുഭവി ക്കുന്നതിനൊപ്പം മറ്റുള്ളവരുടെ വേദ ന മനസ്സിലാക്കാനും അവരുടെ കൈ പിടിക്കാ നും നമ്മെ പഠിപ്പിക്കുന്ന വിശുദ്ധ കാലഘട്ട മാണ് റമസാൻ .**

ചിലർക്കു നമ്മുടെ ഒരു വാക്ക് മതിയാകും; ചിലർക്കു ഒരു പുഞ്ചിരി; ചിലർക്കു ഒരു ചേർത്തു പിടിക്കൽ. റമസാൻ ഈ ചേർത്തുപിടിക്കൽ പഠിപ്പിക്കുന്നു. വിശപ്പിന്റെ വേദന അനുഭവിക്കുമ്പോൾ ദരിദ്രരുടെ അവസ്ഥ മനസ്സിലാക്കാം. അപ്പോൾ നാം സകാത്തും സ്വദഖയും നൽകി അവരെ ചേർത്തുപിടിക്കാം.
ഏകാന്തത അനുഭവിക്കുന്നവരെ സന്ദർശിച്ച് അവരുടെ മനസ്സിനെ ആശ്വസിപ്പിക്കാം. അകന്നു പോയ ബന്ധങ്ങളെ പുനഃസ്ഥാപിച്ച് സ്നേഹത്തിന്റെ പാലങ്ങൾ പണിയാം.
പള്ളികളിൽ ഒരുമിച്ച് നിൽക്കുന്ന നമസ്കാരനിരകൾ നമ്മെ സമത്വത്തിന്റെ സന്ദേശം പഠിപ്പിക്കുന്നു. കുടുംബങ്ങൾ ഒരുമിച്ച് ഇഫ്താർ ചെയ്യുമ്പോൾ ബന്ധങ്ങൾ കൂടുതൽ ശക്തമാകുന്നു. വിരോധങ്ങൾ മറന്ന് കൈകോർക്കാൻ റമസാൻ നമ്മെ പ്രചോദിപ്പി ക്കുന്നു.
റമസാൻ നമ്മെ പഠിപ്പിക്കുന്നത് വെറും ഉപവാസമല്ല; ഹൃദയങ്ങളെ ചേർത്ത് പിടിക്കലാണ്. സ്നേഹവും കരുണയും പങ്കുവെച്ച്, മനുഷ്യരെ മനുഷ്യരോട് അടുപ്പിച്ച്, ആത്മീയമായും സാമൂഹികമായും വളരാനുള്ള അനുഗ്രഹീത അവസരമാണ് റമസാൻ.
ഈ റമസാൻ നമുക്ക് മറ്റുള്ളവരുടെ ജീവിതത്തിൽ ഒരു ആശ്വാസമായി മാറാൻ കഴിയട്ടെ; ചേർത്തു പിടിക്കലിന്റെ സ്നേഹം നിറഞ്ഞ മാസമായി ഇത് മാറട്ടെ.

**Spotlight ലേക്കുള്ള ഫോട്ടോകളും,
വിശേഷങ്ങളും സൃഷ്ടികളും
75949 32104 നമ്പറിൽ
വാട്സ് ആപ്പ് ചെയ്യുക**

## എഡിറ്റോറിയൽ

പ്രകാശത്തിന്റെ രണ്ടാം നാളവും തെളിയുന്നു...
കോളേജ് ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ, നാം അറിയാതെ പോകുന്ന പല വിശേഷങ്ങളും ഓർമ്മകളും കോർത്തിണക്കിക്കൊണ്ട് 'Spotlight'-ന്റെ രണ്ടാം പതിപ്പുമായി ഞങ്ങൾ വീണ്ടും നിങ്ങളുടെ മുന്നിലെത്തുകയാണ്. പരിമിതികൾക്കുള്ളിൽ നിന്ന് തുടങ്ങി, വായനയുടെയും സർഗ്ഗാത്മകതയുടെയും പുതിയൊരു ലോകം തുറന്നിടാനാണ് ഈ ചെറിയ സംരംഭത്തിലൂടെ ഞങ്ങൾ ശ്രമിക്കുന്നത്.
കഴിഞ്ഞ ഒരു മാസത്തെ കോളേജ് വിശേഷങ്ങൾക്കും, ഓരോ വിദ്യാർത്ഥിയുടെയും അധ്യാപകന്റെയും ഉള്ളിലെ സർഗ്ഗധനമായ തൂലികത്തുമ്പിൽ വിരിഞ്ഞ രചനകൾക്കും ഈ പതിപ്പിൽ ഞങ്ങൾ ഇടം നൽകിയിട്ടുണ്ട്. കേവലം അക്ഷരങ്ങൾ വായിച്ചു തീർക്കാനുള്ളതല്ല, മറിച്ച് സാംസ്കാരികമായ ഉണർവിലേക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്ന വലിയൊരു ലക്ഷ്യം കൂടി നമ്മുടെ ലൈബ്രറിക്കുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.
വായന കേവലം പുസ്തകത്താളുകളിൽ ഒതുങ്ങുന്നതല്ല, അത് ഒരു സാംസ്കാരിക പ്രവർത്തനമാണ്. ചിന്തിക്കുന്ന, പ്രതികരിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കാൻ ഇത്തരം ചെറിയ ചുവടുവെപ്പുകൾ അനിവാര്യമാണ്. 'Spotlight' നൽകുന്ന ഈ വെളിച്ചം നിങ്ങളുടെ കൂടി പിന്തുണയോടെ വലിയൊരു ദീപശിഖയായി മാറുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു

സ്നേഹത്തോടെ,
എഡിറ്റോറിയൽ ബോർഡ്
ഫാത്തിമ കോളേജ് ലൈബ്രറി






വിദ്യാർത്ഥികളുടെ ജീവിതത്തിൽ ദീപശിഖയായി പ്രകാശിക്കുന്നവരാണ് അദ്ധ്യാപകർ. അറിവ് മാത്രമല്ല, ജീവിത മൂല്യങ്ങളും സംസ്കാരവും മനുഷ്യത്ത്വവും പഠിപ്പിക്കുന്ന മഹത്തായ ദൗത്യമാണ് അവർ നിർവഹിക്കുന്നത്. ഒരു നല്ല അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ ചിന്തകളെആകാശത്തേക്കുയർത്തുകയും സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകുകയും ചെയ്യുന്നു.വിദ്യാഭ്യാസം ഒരു തൊഴിൽ മാത്രമല്ല, അത് ഒരു സേവനമാണ് – ഒരു ദൗത്യമാണ്. ആ ദൗത്യം ആത്മാർത്ഥത യോടെയും സമർപ്പണത്തോടെയും നിർവഹിക്കുക എന്നതാണ് എല്ലാ അദ്ധ്യാപകരുടെയും കർത്തവ്യം.
കെ. ശരണ്യ
(കൊമേഴ്സ് വിഭാഗം അധ്യാപിക)
കോളേജ് പ്രോഗ്രാം കോ ഓർഡിനേറ്റർ